# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1895/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.1/1895/2025 തീയ്യതി: 17/12/2025

## കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-11-2024 മുതൽ 16-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേശൻ പി.വി | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2025 | 25-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2025 | 25-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഷൈമകുമാരി എസ്.എൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. ഗണേശൻ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ധന്യ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. നിഖിൽ കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ടി.ആർ.രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ശ്രീലേഖ.പി | സെക്രട്ടറി | 01-04-2024 | 31-10-2024 |
| ശ്രീ. ജോസ് തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി. കൃഷ്ണപ്രസാദ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.പ്രീതി.പി | ക്ഷീരവികസന ഓഫീസർ | 01-04-2024 | 20-06-2024 |
| ശ്രീ. ജോസ് ജയകുമാർ | ക്ഷീരവികസന ഓഫീസർ | 21-06-2024 | 31-03-2025 |
| ശ്രീമതി.മിനി നാരായണൻ.പി.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി. മായാജ്യോതി. എൻ.വി | ഐ സി ഡി എസ് സൂപർവൈസർ | 01-04-2024 | 31-03-2025 |
| ഡോ. വിവേക്. കെ.വി | മെഡിക്കൽ ഓഫീസർ–ഹോമിയോ | 01-04-2024 | 31-10-2024 |
| ഡോ.അഞ്ജു.വി.എസ് | മെഡിക്കൽ ഓഫീസർ–ഹോമിയോ | 01-11-2024 | 31-03-2025 |
| ശ്രീ. ജിതേഷ്.കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - വെള്ളോറ | 01-04-2024 | 06-01-2025 |
| ശ്രീ. സന്തൂപ്.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - വെള്ളോറ | 07-01-2025 | 31-03-2025 |
| ശ്രീ. സന്തൂപ്.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - മാതമംഗലം | 01-04-2024 | 31-03-2025 |
| ശ്രീമതി ശീതൾ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 01-11-2024 |
| ശ്രീ. ശ്രീകുമാർ എം.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 02-11-2024 | 14-01-2025 |
| ശ്രീ. നാരായണൻ കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-01-2025 | 31-03-2025 |
| ശ്രീ. വേണുഗോപാലൻ എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീ. സി.വി. വിജയൻ | അസിസ്റ്റന്റ സെക്രട്ടറി ഇൻ ചാർജ്ജ് | 01-06-2024 | 30-09-2024 |
| ശ്രീ. ജോസ് തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2024 | 31-03-2025 |
| ഡോ. അർജ്ജുൻ കെ.സി. | വെറ്റിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഡോ. ബേബി സുഭദ്ര കെ | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 01-04-2024 | 31-03-2025 |
| ഡോ. മിതില മാത്യു | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2024 | 18-05-2024 |
| ഡോ. അർജ്ജുൻ ദേവ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 19-05-2024 | 30-07-2024 |
| ഡോ. സാമുവൽ റോബർട്ട് ജാഫേദ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 31-07-2024 | 20-01-2025 |
| ഡോ. മിതില മാത്യു | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 21-01-2025 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീകുമാർ പി | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |

01.06.2024 മുതൽ 30.09.2024 വരെ അസിസ്റ്റന്റ് സെക്രട്ടറിയുടെ ചാർജജ് വഹിച്ചത് ശ്രീ. സ.വി. വിജയൻ ഹെഡ് ക്ലാർക്ക് ആണ്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥമൂല്യം ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല | 1-1-1 |
| 3 | ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് (310900101) ക്യാരിഓവർ ചെയ്തിട്ടുള്ള തുക, ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ മിച്ച തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം ആവശ്യമായ എല്ലാ പത്രികകളും പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും Net Cash Genrated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാൻഡ് രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | പൂർത്തിയാകാത്ത വിവിധ പ്രോജക്ടുകളുടെ Capital Work In Progress B–11(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റിലെ Tied & Untied ചെലവുകൾ സുലേഖ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ഇ-ടെണ്ടർ ഫീ നീക്കിയിരിപ്പ് തുക, തനത് ഫണ്ടിൽ അടയ്ക്കുകയോ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. | 1-1-9 |
| 11 | കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്കുകളുടെ ബാധ്യത മൂന്ന് വർഷമായിട്ടും പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. | 1-1-10 |
| 12 | അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിക്കുന്നില്ല. | 1-1-11 |
| 13 | തൊഴിലുറപ്പ് പദ്ധതി ചെലവ് വാർഷിക ധനകാര്യപത്രികയിലെ വിവിധ ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേമെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-9 |
| 22 | ഗ്രാമസഭ | 1-10 |
| 23 | കമ്മിറ്റികളുടെ പ്രവർത്തനം | 1-11 |
| 24 | തൊഴിൽ നികുതി പിഴ കണക്കാക്കിയതിലെ അപാകം- പിഴയിനത്തിൽ കുറവ് വന്ന തുക ₹1769 ഈടാക്കി ഒടുക്കേണ്ടതാണ്. | 1-12 |
| 25 | വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 26 | വസ്തു നികുതി പരിഷ്കരണം-ജി.ഐ.എസ് മാപ്പിംഗ് വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | 1-14 |
| 27 | 2023 രണ്ടാം അർദ്ധ വർഷം ആദ്യമായി നികുതി നിർണയിച്ച പാർപ്പിടത്തിന്റെ ഉപ വിഭാഗം തെറ്റായി രേഖപ്പെടുത്തി | 1-15 |
| 28 | 2024-25 വർഷം ഒക്യൂപ്പൻസി അനുവദിച്ച കെട്ടിടത്തിന് ബാക്ക് അസ്സസ്സ് ചെയ്ത് 2013 വിജ്ഞാപന പ്രകാരമുള്ള നികുതി നിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല. | 1-16 |

| | | |
|---|---|---|
| 29 | ക്വാട്ടേഴ്‌സ്/അപ്പാർട്ട്മെന്റുകൾ കെട്ടിടങ്ങളെ തെറ്റായ ഉപ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു. | 1-17 |
| 30 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നതിൽ ഗണ്യമായ കുറവ്-ലൈസൻസ് കൂടാതെ വളർത്തുന്നതിന് പിഴ ഈടാക്കേണ്ടതാണ്. | 1-18 |
| 31 | മുഴുവൻ മരുന്നും ലഭ്യമായില്ല - ലഭ്യമാകാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായ 61095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 32 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - രേഖകൾ ലഭ്യമാക്കിയില്ല. 201167/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 33 | കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകൽ -ഗുണഭോക്താക്കളുടെ വിവരം,വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല - ₹34424 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 34 | വെള്ളോറ ജി എച്ച് ഡി, ജി.എച്ച്.ഡി എരമം കുറ്റൂർ എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ– മുഴുവൻ മരുന്നുകളും ലഭ്യമായില്ല.₹60385 യുടെ ചെലവ് തുക തടസപ്പെടുത്തുന്നു. | 1-22 |
| 35 | കോട്ട് ചെയ്ത നിരക്കിൽ നിന്നും അധികമായി നൽകിയ 1050 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-23 |
| 36 | ബയോഗ്യാസ് പ്ലാന്റ് വീടുകൾക്ക് - മാർഗ്ഗരേഖയിൽ പരാമർശിച്ചതിൽ നിന്നും അധികമായി അനുവദിച്ച 29130/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-24 |
| 37 | ഭവനപുനരുദ്ധാരണം - അധികമായി അനുവദിച്ച 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 38 | ഇടവിള കൃഷി-ഇഞ്ചി-മഞ്ഞൾ വിത്ത് വിതരണം-യഥാർത്ഥ വിലയ്ക്ക് നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹92800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 39 | വാഴ ഗ്രാമം-കുടുംബശ്രീ സ്വാശ്രയ സംഘങ്ങൾ കൃഷി കൂട്ടങ്ങൾ എന്നിവയ്ക്ക് വാഴക്കന്ന് വിതരണം-യഥാർത്ഥ വിലയ്ക്ക് നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 40 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത-അധികം അനുവദിച്ച ₹4000 യുടെ ചെലവ് നിരാകരിക്കുന്നു. | 1-28 |
| 41 | പാലിന് സബ്സിഡി -കൃത്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല - 2049985രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 42 | പട്ടികവർഗ്ഗവനിതളുടെ വിവിഹധനസഹായം - രേഖകൾ ലഭ്യമാക്കിയില്ല. ₹125000 യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-30 |
| 43 | എസ് ടി സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ -അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല - 475000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-31 |
| 44 | എ.ബി.സി. പദ്ധതി- വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രശീതിയും പരിശോധനക്ക് ലഭ്യമാക്കിയില്ല. ₹ 1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 45 | വൃത്തി 2025 ,ദി ക്ലീൻ കേരള കോൺക്ലേവ്- ശുചിത്വ മിഷനിലേക്ക് കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹ 25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 46 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. | 1-34 |
| 47 | ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.. 90000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-35 |
| 48 | മരങ്ങൾ മുറിച്ച് നീക്കിയത് - ലേലം ചെയ്തതിന്റെ തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-36 |
| 49 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 12500000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-37 |
| 50 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-38 |
| 51 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-39 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബയോഗ്യാസ് പ്ലാന്റ് വീടുകൾക്ക് - മാർഗ്ഗരേഖയിൽ പരാമർശിച്ചതിൽ നിന്നും അധികമായി അനുവദിച്ച 29130/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വരുത്തുന്നത് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ, വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് എരമം കുറ്റൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 09-06-2025 തീയ്യതിയിലെ 155/2025 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11-07-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 31-03-2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കണ്ണൂർ,
17.12.2025.

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥമൂല്യം ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിൻറെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഭൂമികളുടെ യഥാർത്ഥ മൂല്യനിർണ്ണയമോ രേഖപ്പെടുത്താത്തതിനാൽ ആസ്തിയുടെ സമ്പൂർണ മൂല്യം ബാലൻസ് ഷീറ്റിൽ (ബി-11 (E), Code-415120101) 4,780 രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഫലമായി പഞ്ചായത്തിന്റെ ആകെ ആസ്തി മൂല്യം ഇനത്തിൽ യഥാർത്ഥ തുക പ്രതിഫലിക്കുന്നില്ല.

### 1-1-2 ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് (310900101) ക്യാരിഓവർ ചെയ്തിട്ടുള്ള തുക, ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ മിച്ച തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക ₹283096 ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ (₹37600057 )യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | ₹238910421 |
| ആകെ ചെലവ് (B) | | ₹238198704 |
| മിച്ചം തുക C= A-B | | 711717 |
| Prior Period Income -I-19 | (-) 552728 | |
| Prior Period Expenditure I-18 | 981349 | |
| Net Difference Between Prior Period Income And Expenses I-19-I-18 ( D ) | | (- )428621 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 283096 |

### 1-1-3 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം ആവശ്യമായ എല്ലാ പത്രികകളും പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല.

A) ചട്ടം 62(f) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
B)ചട്ടം 62(3) അനുസരിച്ച് മുൻവർഷത്തെ താരതമ്യ തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിലും, അവ രേഖപ്പെടുത്തിയിട്ടില്ല.
C) ചട്ടം 62(e) പ്രകാരമുള്ള പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾക്കൊള്ളുന്ന വിശദീകരണ കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും Net Cash Genrated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ “Net Increase/Decrease In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹12277380 ആണ്. അതേ പത്രികയിൽ “Net Cash Generated By Operating, Investing + Financing Activities” ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹24367422 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ -2011 ,ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി കാലികമാക്കിയിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിപ്രീസിയേഷൻ കണക്കുകളും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

### 1-1-6 അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാൻഡ് രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 17(2) പ്രകാരം അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാൻഡ് രേഖപ്പെടുത്തേണ്ടതാണെങ്കിലും, ഗ്രാമപഞ്ചായത്തിൽ ഇത് പാലിച്ചിട്ടില്ല. വിവിധ റവന്യൂ വരുമാനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി മുതലായവയുടെ ഡിമാൻഡ് എൻട്രികൾ

സാമ്പത്തിക വർഷാവസാനം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-7 പൂർത്തിയാകാത്ത വിവിധ പ്രോജക്ടുകളുടെ Capital Work In Progress B-11(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2024-25 വർഷം വിവിധ പ്രൊജക്ടുകളിലായി (ഉദാ:75-25, 261-25, 279-25) പണം ചെലവഴിക്കുകയും ആയത് ആ വർഷം പ്രവൃത്തി പൂർത്തിയാക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പൂർത്തിയാകാത്ത പ്രവൃത്തിയുടെ മൂല്യം B-11(b) – Capital Work In Progress എന്ന പ്രധാന ആസ്തി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല .

### 1-1-8 ഫിനാൻസ് കമ്മീഷൻ ഗ്രാന്റിലെ Tied & Untied ചെലവുകൾ സുലേഖ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുത്തപ്പെടുന്നില്ല

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied & Untied ഇനങ്ങളിലെ ചെലവുകൾ , സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിലെ തുകയും (₹8899210) മാന്വലായി സൂക്ഷിക്കുന്ന എ സി ആർ (Appropriation Control Register) ലെ തുകയും (₹11140500) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തലത്തിലുള്ള ചെലവുകളിൽ ₹ 2241290 യുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-9 ഇ-ടെണ്ടർ ഫീ നീക്കിയിരിപ്പ് തുക, തനത് ഫണ്ടിൽ അടയ്ക്കുകയോ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ. അക്കൗണ്ട് നമ്പർ 37867228289-ലാണ് ഇ-ടെണ്ടർ തുകകൾ നിക്ഷേപിക്കപ്പെടുന്നത്. പ്രസ്തുത അക്കൗണ്ടിൽ 31.03.2025-ന ₹ 143127 നീക്കിയിരിപ്പുണ്ട്. എന്നാൽ, മേൽ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. കൂടാതെ വാർഷിക കണക്കിലും ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-10 കാലാവധി കഴിഞ്ഞ സ്റ്റെയിൽ ചെക്കുകളുടെ ബാധ്യത മൂന്ന് വർഷമായിട്ടും പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല.

31.03.2022 തീയതിയിൽ Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹103033 രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് സാമ്പത്തിക വർഷങ്ങൾ കഴിഞ്ഞിട്ടും, പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല.

### 1-1-11 അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി നൽകിയ 9,96,230 രൂപയും ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ 4,550 രൂപയും സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

### 1-1-12 തൊഴിലുറപ്പ് പദ്ധതി ചെലവ് വാർഷിക ധനകാര്യപത്രികയിലെ വിവിധ ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതി ചെലവ് ധനകാര്യപത്രികയിലെ I-6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 37838695 രൂപ I-14(c) -(Total Poverty Alleviation – 36046316) I- 14 (F) -( Administrative Expense -1798095) , I- 14 (F) -( Treatment Expense NREGA – 43750) എന്നീ ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ ആകെ തുകയുമായി (₹37888161) പൊരുത്തപ്പെടുന്നില്ല. 49466 രൂപയുടെ വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

## 1-2 ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | 28632918 |
| വരവ് | 288729321 |
| ആകെ | 317362239 |
| ചെലവ് | 313636812 |

| | |
|---|---|
| നീക്കിയിരിപ്പ് | 3725427 |

ഭരണസമിതിയുടെ 09-02-24 ലെ 50 നമ്പർ തീരുമാനപ്രകാരം 2024-25 ലെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ഭരണസമിതിയുടെ 19.03.2025 ലെ 1/84 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2024-25 ലെ പുതുക്കിയ ബജറ്റ് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 47504506 |
| വരവ് | 348576441 |
| ആകെ | 396080947 |
| ചെലവ് | 342709600 |
| നീക്കിയിരിപ്പ് | 53371347 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹33701273 |
| വരവ് | ₹ 75170376 |
| ആകെ | ₹108871649 |
| ചെലവ് | ₹62892996 |
| നീക്കിയിരിപ്പ് | ₹45978653 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1769 |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹34180 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹15914856 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായതുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 26053000 | 26053000 | 25979380 | 73620 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 1587000 | 1587000 | 1518459 | 68541 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 884000 | 884000 | 818859 | 65141 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 18837000 | 18837000 | 16466061 | 2370939 |
| മെയിന്റനൻസ് ഗ്രാന്റ് | 0 | 9321000 | 9321000 | 8609054 | 711946 |

| | | | | | |
|---|---|---|---|---|---|
| നോൺ റോഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 4396095 | 4732114 | 9128209 | 3376263 | 5751946 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3550590 | 9690500 | 13241090 | 4631537 | 8609553 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ – പെർഫോമൻസ് ഗ്രാന്റ് | 0 | 891410 | 891410 | 891410 | 0 |
| നാഷണൽ ഹെൽത്ത് മിഷൻ | 1003919 | 0 | 1003919 | 485254 | 518665 |
| പൈക്ക | 50911 | 54381 | 105292 | 50911 | 54381 |
| ടോട്ടൽ സാനിറ്റേഷൻ | 216301 | 0 | 216301 | 0 | 216301 |
| നിർമ്മൽ പുരസ്കാർ | 39229 | 0 | 39229 | 0 | 39229 |
| ഐ.സി.ഡി.എസ് | 1141543 | 3100784 | 4242327 | 2187030 | 2055297 |
| ഹെൽത്ത് ഗ്രാന്റ് - ഹെൽത്ത് & വെൽനസ് | 410963 | 648227 | 1059190 | 384594 | 674596 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസിസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ | 851229 | 427242 | 1278471 | 408925 | 869546 |
| പ്രത്യേക ആവശ്യത്തിന് വേണ്ടിയുള്ള ഗ്രാന്റ് - ശ്മശാനം | 23914 | 0 | 23914 | 0 | 23914 |
| എം പി ഫണ്ട് | 6877 | 188 | 7065 | 0 | 7065 |
| എം.എൽ.എ. ഫണ്ട് | 13803 | 0 | 13803 | 0 | 13803 |
| പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് - മറ്റ് സർക്കാർ ഏജൻസികൾ | 2963512 | 4012168 | 6975680 | 2800000 | 4175680 |
| പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് - മറ്റ് ധനകാര്യസ്ഥാപനങ്ങൾ | 154688 | 0 | 154688 | 0 | 154688 |
| ടോട്ടൽ സാനിറ്റേഷൻ മറ്റ് ഗവ: ഏജൻസികൾ | 0 | 240000 | 240000 | 240000 | 0 |

മുൻ റിപ്പോർട്ടുകളിലെ പിഴവുകൾ പരിഹരിക്കുന്നതിനായി, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ മുന്നിരിപ്പിൽ (Opening Balance) മാറ്റങ്ങൾ വരുത്തി. 2023-24 വർഷത്തിൽ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ചെലവ് രേഖപ്പെടുത്തുകയും എന്നാൽ ചെലവഴിക്കാതെ വരികയും ചെയ്ത തുക 2024-25 വർഷത്തിൽ 'Prior Period' ഇനത്തിൽ വരവായി ചേർത്തുന്ന ഇതിന്റെ ഭാഗമായി, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ₹740083 വർദ്ധിപ്പിച്ച് ₹4396095 (₹3656012+₹740083) ആക്കുകയും, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ₹1100152 വർദ്ധിപ്പിച്ച് ₹3550590 (₹2450438+₹1100152) ആക്കുകയും ചെയ്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|---|

| (എണ്ണം) | (₹) | (എണ്ണം) | (₹) | നടപ്പാക്കിയത് (എണ്ണം) | | (എണ്ണം) | പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 271 | 193668468 | 201 | 105536603 | 11 | 190 | 70 | 70.11 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 11 | 6134900 | 5543220 | 90.36 |
| വെറ്റിനറി സർജൻ | 4 | 4 | 1073000 | 1058600 | 98.66 |
| മെഡിക്കൽ ഓഫീസർ-എഫ്എച്ച്സി | 18 | 16 | 5762392 | 3704036 | 64.28 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 4 | 960000 | 960000 | 100 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 4 | 4 | 1430000 | 1428950 | 99.93 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 17 | 53166467 | 20810757 | 39.14 |
| ഐസിഡിഎസ് സൂപ്പർവൈസർ | 12 | 10 | 7261450 | 5679962 | 78.22 |
| സെക്രട്ടറി | 45 | 31 | 26262693 | 10208373 | 38.87 |
| ഹെഡ് മാസ്റ്റർ | 11 | 10 | 2430280 | 2134928 | 87.84 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 131 | 87 | 85372010 | 50749360 | 59.44 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2200000 | 2049985 | 91.18 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 1615276 | 1208432 | 74.81 |
| ആകെ | 271 | 201 | 193668468 | 105536603 | 54.49 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 0 | 1911738 | 1911738 | 1833094 | 78644 |
| തൊഴിൽകൂലി + മെറ്റീരിയൽ | 0 | 36005601 | 36005601 | 36005601 | - |
| ആകെ | 0 | 37917339 | 37917339 | 37838695 | 78644 |

## 1-7 ക്ഷേമ പദ്ധതികൾ

2024-25വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 15,848,800 | 842 |
| വിധവാ പെൻഷൻ | 21,136,800 | 1149 |
| വാർദ്ധക്യകാല പെൻഷൻ | 44,395,600 | 2695 |

| | | |
|---|---|---|
| ഭിന്നശേഷി പെൻഷൻ | 6,248,500 | 334 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60,000 | 2 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1,011,000 | 480 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2025 ന് രാവിലെ 11.45 മണിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹422 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പ് വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ച് കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പ് വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ കേഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെയും കൃത്യമായ വിവരങ്ങൾ ഉൾപ്പെടുന്ന ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. 2024-25 ലെ നികുതിപിരിവ് 100% കൈവരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം കാര്യക്ഷമമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമ ആസ്തികളിൽ ഉൾപ്പെടുത്തിയും തൊഴിലുറപ്പ് പദ്ധതി പ്രകാരം ആർജിച്ചെടുത്ത കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടുത്തിയും ആസ്തി രജിസ്സർ കാലികമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ആസ്തി, ഡിപ്രീസിയേഷൻ മൂല്യങ്ങളുടെ ആധികാരികത ഉറപ്പ് വരുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവർത്തനത്തിനുതകുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. പൗരാവകാശരേഖ തയ്യാറാക്കിയിട്ടുണ്ട്.

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിലെ അഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-10 ഗ്രാമസഭ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്ന മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ (2024-25 വർഷം) ആകെയുള്ള 17 വാർഡുകളിലും 2024 ജൂൺ, ആഗസ്റ്റ്, 2025 ജനുവരി മാസങ്ങളിലായി മൂന്ന് തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2024 ജൂണിൽ ചേർന്ന ഗ്രാമസഭകളിൽ 2024-25 വാർഷിക പദ്ധതി, 2023-24 വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, എന്നീ അജണ്ടകളും 2024 ആഗസ്റ്റിൽ ചേർന്ന ഗ്രാമസഭകളിൽ 2024-25 വർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2025 ജനുവരിയിൽ ചേർന്ന ഗ്രാമസഭയിൽ 2025-26 വർഷ പദ്ധതി രൂപീകരണം അജണ്ട ഉൾപ്പെടുത്തുകയും ചർച്ച ചെയ്ത് തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമസഭാ മിനുട്സ് തീരുമാനങ്ങൾ അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ കുറഞ്ഞത് 15 പേർ എങ്കിലും സാക്ഷ്യപ്പെടുത്തുന്നില്ല എന്നത് പോരായ്മയാണ്.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിൽ ഭരണസമിതി, സ്റ്റിയറിംഗ് കമ്മിറ്റി, കൂടാതെ വിവിധ തലത്തിലുള്ള 4 സ്റ്റാൻഡിംഗ് കമ്മിറ്റികൾ (ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം) എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും ഭരണപരമായ തീരുമാനങ്ങൾ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുന്നുമുണ്ട്. എന്നാൽ ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ യോഗങ്ങൾ ചേർന്നശേഷം തീരുമാനങ്ങൾ പ്രസിഡന്റിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം നേരിടുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കമ്മിറ്റിയുടെ പേര് | യോഗ തീയതി | മിനുട്സ് അംഗീകാരത്തിനായി അയച്ച തീയതി | അംഗീകരിച്ച തീയതി |
|---|---|---|---|
| ഭരണസമിതി | 17-01-25 | 05-05-25 | 05-05-25 |
| ധനകാര്യം | 13-01-25 | 11-03-25 | 11-03-25 |
| ആരോഗ്യവും വിദ്യാഭ്യാസവും | 16-01-25 | 21-05-25 | 21-05-25 |
| വികസനകാര്യം | 16-01-25 | 22-04-25 | 22-04-25 |
| ക്ഷേമകാര്യം | 16-01-25 | 03-05-25 | 03-05-25 |

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ആയതു പ്രകാരം മിനിറ്റ്സ് പൂർത്തീകരിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല. ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.
വർക്കിംഗ് ഗ്രൂപ്പുകൾ രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ യോഗ മിനുട്സിൽ, നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ച് നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗമിനുട്സുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. മിക്ക ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.
പ്രൊക്യൂർമെന്റ് കമ്മിറ്റി 2024-25 ൽ 4 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുമുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തികൊണ്ട് പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിഴ കണക്കാക്കിയതിലെ അപാകം- പിഴയിനത്തിൽ കുറവ് വന്ന തുക ₹1769 ഈടാക്കി ഒടുക്കേണ്ടതാണ്.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.( ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ

ഈടാക്കേണ്ടതില്ല).
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.08.2000 തീയതിയിലെ 51457/എൻ.1 നമ്പർ സർക്കുലർ പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്റ്റംബർ 30 നകം അടയ്ക്കാതിരുന്നാൽ നികുതിയിനത്തിലെ പിഴ പലിശ നൽകേണ്ടിവരുന്ന തീയതി സെപ്റ്റംബർ ഒന്ന് മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് 2% നിരക്കിൽ പിഴ പലിശ വർധിപ്പിച്ചിട്ടുണ്ടെങ്കിലും ചില സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.കൂടാതെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സപ്തംബർ മാസത്തിന് ശേഷം അടവാക്കിയപ്പോൾ പിഴ കണക്കാക്കിയതിൽ അപാകം ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി/ രസീത് നമ്പർ,അടവാക്കിയ തീയതി | ഈടാക്കേണ്ട പിഴ (₹) | ഈടാക്കിയ പിഴ (₹) | കുറവ് വന്ന തുക (₹) |
|---|---|---|---|---|
| സൺറൈസ് കോളേജ് ഓഫ് അഡ്വാൻസ് | 4830/- 1240102450/21.10.24 (പിഴ ഉൾപ്പെടെയുള്ള രസീത് നമ്പർ) | 193 | 49 | 144 |
| ജനശക്തി ഫ്യുവൽസ് | 3000/- 1240102276/01.10.24 (പിഴ ഉൾപ്പെടെയുള്ള രസീത് നമ്പർ) | 120/- | 30/- | 90 |
| കെ എസ് കെ എന്റർപ്രൈസസ് | 3750/- 1240102593/02.11.24 | 225 | - | 225 |
| വെള്ളോറ വനിത സർവീസ് കോപ്പറേറ്റിവ് സൊസൈറ്റി | 5480/- 1240601126/30.03.25 (പിഴ ഉൾപ്പെടെയുള്ള രസീത് നമ്പർ) | 767 | 347 | 420 |
| പ്രോവിറ്റ് ഫുഡ്സ് | 21360/- 1240102557/29.10.24 (പിഴ ഉൾപ്പെടെയുള്ള രസീത് നമ്പർ) | 854 | 214 | 640 |
| ഡെലിവറി ലിമിറ്റഡ് | 2200/- 1240102519/25.10.24 | 88 | 22- (1240102521/25.10.24) | 66 |
| ഡ്രീം പ്ലൈ ഓലയമ്പാടി | 6150/- 1240102323/10.10.24 (പിഴ ഉൾപ്പെടെയുള്ള രസീത് നമ്പർ) | 246 | 62 | 184 |
| TOTAL | | | | 1769 |

പിഴ ഈടാക്കിയതിലെ അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12/18.11.2025) മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി വൈകി അടവാക്കിയ/പിഴ ഈടാക്കാത്ത മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും പിഴയിനത്തിൽ കുറവ് വന്ന തുക ₹1769 ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതും തൊഴിൽ നികുതി വൈകി അടവാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-13 വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.
തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.
A).എഫ്.ടി.ഇ & ഒ എസ് ലൈസൻസെടുത്ത താഴെപറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2024-25 വർഷം

തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനത്തിന് തൊഴിൽ നികുതി ഡിമാൻഡ് നോട്ടീസ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല.

1. ഫുഡ് വെ റെസ്റ്റോറന്റ്
2. അവുംമാസ് ജ്വല്ലറി
3. മാസ് ടൈൽസ് ആൻഡ് സാനിട്ടറീസ്
4. യെസ് മാരുതി ഫാഷൻസ്
5. അമൽ എന്റർപ്രൈസസ്
6. അപ്സര ജ്വല്ലറി
7. ന്യൂ ഇൻസ്റ്റൈൽ സലൂൺ
8. മരിയ പ്ലാസ്റ്റിക്ക് പെരുമ്പടവ്

B).ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്റർ ക്രമ നമ്പർ 108, ക്വാറി( Owned By M P LALU) എന്ന സ്ഥാപനത്തിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ലഭ്യമല്ല.

എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത മേൽ സ്ഥാപനങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും പിഴ ഉൾപ്പെടെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്ററിലെ ക്രമ നമ്പർ 108 ക്വാറി (Owned By M P Lalu) എന്ന സ്ഥാപനത്തിൽ 7 ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും പിഴ ഉൾപ്പെടെ തൊഴിൽ നികുതി ഈടാക്കി ഒടുക്കുന്നതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (14/20.11.2025) മറുപടി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഒടുക്കി വിവരം അറിയിക്കേണ്ടതും നികുതി ശോഷണം പരിഹരിക്കേണ്ടതുമാണ്.

## 1-14 വസ്തു നികുതി പരിഷ്കരണം-ജി.ഐ.എസ് മാപ്പിംഗ് വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

22.03.2023 ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ്തല പരിശോധന വഴിയോ ജി.ഐ.എസ്. മാപ്പിംഗ് ഉണ്ടെങ്കിൽ ആയത് മുഖേനയോ നടത്തേണ്ടതും സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുമാണ്. എന്നാൽ നാളിതുവരെ നികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഊരാളുങ്കൽ സൊസൈറ്റി മുഖേന ജി.ഐ.എസ് മാപ്പിംഗ് പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും ആയത് പ്രകാരം ടി പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും പ്രസ്തുത സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഒരു കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മറ്റ് ഘടകങ്ങളിലോ മാറ്റം വരുത്തി കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി നിർമ്മാണം ക്രമവൽക്കരിച്ച് നികുതി ചുമത്തി/നികുതി പുനർനിശ്ചയിച്ച് കുടിശ്ശികയടക്കം ഈടാക്കുന്നതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(07/17.11.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ജി.ഐ.എസ് മാപ്പിംഗ് നടന്നുവരുന്നുണ്ടെന്നും പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ടെന്നും 2023-24 വർഷ റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. ജി.ഐ.എസ് മാപ്പിംഗ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ മുഴുവൻ കെട്ടിടങ്ങളും പരിശോധനാവിധേയമാക്കി അനധികൃത കെട്ടിട നിർമ്മാണങ്ങൾ സംബന്ധിച്ച നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 2023 രണ്ടാം അർദ്ധ വർഷം ആദ്യമായി നികുതി നിർണയിച്ച പാർപ്പിടത്തിന്റെ ഉപ വിഭാഗം തെറ്റായി രേഖപ്പെടുത്തി

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ,05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 2 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

പട്ടിക

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ | 6 | 10 |

| | | | |
|---|---|---|---|
| | മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | | |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച 13.09.2023 ലെ എസ് സി3-3022/2023 നമ്പർ വസ്തുനികുതി നിർണ്ണയ അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6,10 എന്നിങ്ങനെയാണ്.സഞ്ചയ സോഫ്റ്റ് വെയറിലെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 2023 രണ്ടാം അർദ്ധവർഷം ആദ്യമായി വസ്തു നികുതി നിർണ്ണയം നടത്തിയ ശ്രീ ഹെബി കളപ്പുരക്കൽ വർഗ്ഗീസ് എന്നവരുടെ 11/5C നമ്പർ കെട്ടിടത്തിന്റെ ഉപവിഭാഗം സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം | ഈടാക്കേണ്ട വസ്തു നികുതി നിരക്ക് (₹) | ഈടാക്കിയ വസ്തുനികുതി നിരക്ക് (₹) |
|---|---|---|---|---|---|
| 408.49 | വീട് | മേൽപട്ടികയിലെ ക്രമ നമ്പർ 1 | മേൽപട്ടികയിലെ ക്രമ നമ്പർ 2 | @₹10 | @₹6 |

(2024-25 വർഷം 5% നികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.)

പാർപ്പിടത്തിന്റെ നികുതി ഒക്ക്യുപ്പൻസി തീയതി മുതൽ പുനർ നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നികുതി അടവാക്കുന്നതിന് കെട്ടിട ഉടമയ്ക്ക് ഡിമാൻഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (6/17.11.2025) മറുപടി നൽകിയിട്ടുണ്ട്. തെറ്റായി നികുതി കണക്കാക്കിയത് മൂലം വസ്തു നികുതിയിൽ കുറവ് വന്ന തുക കുടിശ്ശിക ഉൾപ്പെടെ ഈടാക്കി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 2024-25 വർഷം ഒക്ക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിന് ബാക്ക് അസ്സസ്സ് ചെയ്ത് 2013 വിജ്ഞാപന പ്രകാരമുള്ള നികുതി നിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല.

സെക്രട്ടറി, ക്ഷീരോൽപ്പാദക സഹകരണ സംഘം, വെള്ളോറ എന്നവരുടെ MILK PRODUCTION CO-OP SOCIETY എന്ന 9/449A വാണിജ്യ കെട്ടിടം(തറ വിസ്തീർണ്ണം-95.84 ച.മീ) 2024-25 വർഷത്തെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തും എന്നാൽ 2013 വസ്തു നികുതി നിർണയ വിജ്ഞാപന പ്രകാരമുള്ള ഉപയോഗ ക്രമമായ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന വിഭാഗത്തിൽ രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതുമാണ്. 27.06.2019 ന് കെട്ടിട ഉടമ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയും ആയതിനെ തുടർന്ന് സാങ്കേതിക വിഭാഗം സ്ഥല പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. 29.08.2019 ലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ എ3-3833/19 കത്ത് പ്രകാരം കെട്ടിട ഉടമയ്ക്ക് കെട്ടിട നിർമ്മാണത്തിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്. ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് അവർകളുടെ 02.09.2024 ലെ തദ്ദേശ അദാലത്തിൽ കെട്ടിട നിർമ്മാണത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ 23.09.2024 ൽ കെട്ടിട ഉടമ അപാകങ്ങൾ പരിഹരിച്ച് പുനർസമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഉടമ സമയബന്ധിതമായി മറുപടി നൽകിയിരുന്നില്ല. പിന്നീട് ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് അവർകളുടെ 02.09.2024 ലെ തദ്ദേശ അദാലത്തിലെ നിർദ്ദേശ പ്രകാരം 10.10.2024 ന് സാങ്കേതിക വിഭാഗം റിപ്പോർട്ട് പ്രകാരം കംപ്ലീഷൻ പ്ലാൻ അംഗീകരിക്കുകയും കെട്ടിടത്തിന് 9/449 എ നമ്പർ അനുവദിക്കുകയും ചെയ്തു. കെട്ടിടത്തിന് ഒക്കുപ്പൻസി അനുവദിച്ചതും നമ്പർ നൽകിയതും 2024 രണ്ടാം

അർദ്ധ വർഷമായിട്ടും ബാക്ക് അസ്സസ്സ് ചെയ്ത് 2019 മുതലുള്ള നികുതി ഡിമാൻഡ് ചെയ്യുകയാണ് ഉണ്ടായത്. 01.04.2023 ന് ശേഷം ഒക്കുപൻസി അനുവദിച്ച് നമ്പർ നൽകിയ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം 2013 ലെ വിജ്ഞാപന പ്രകാരം ബാക്ക് അസ്സസ്സ് ചെയ്തതിന്റെ കാരണം വ്യക്തമല്ല.

കെട്ടിട ഉടമയും ലൈസൻസിയും ഒപ്പു വെച്ച് സമർപ്പിച്ച കംപ്ലീഷൻ റിപ്പോർട്ട് പ്രകാരം 27.06.2019 ന് കെട്ടിടത്തിന്റെ കംപ്ലീഷൻ ആയതാണെന്നും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും ചട്ടം 24 പ്രകാരമാണ് പൂർത്തീകരണ തീയതി മുതൽ ബാക്ക് അസ്സസ്സ് ചെയ്ത് 2019 മുതൽ ₹40/ചതുരശ്ര മീറ്റർ നിരക്കിൽ നികുതി നിർണ്ണയിക്കുകയും 14.03.2025 ന് 2019 മുതലുള്ള നികുതി ഉടമ അടക്കുകയും ചെയ്തിട്ടുണ്ടെന്നും കെട്ടിടത്തിന് നമ്പർ അനുവദിച്ച 2024 രണ്ടാം അർദ്ധ വർഷം മുതൽ നികുതി കണക്കാക്കിയാൽ നിലവിൽ ഈടാക്കിയ തുക അഡ്വാൻസായി 3 വർഷ കാലയളവിലേക്ക് കെട്ടിട ഉടമയ്ക്ക് നികുതി ഡിമാൻഡ് ഉണ്ടാകില്ലെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(08/17.11.2025) മറുപടി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ(ആർ സി) വകുപ്പിന്റെ 03.05.2020 ലെ നം ആർസി2/100/2020 സർക്കുലർ പ്രകാരം കെട്ടിടം പൂർത്തിയായതായി ഉടമ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് സമർപ്പിച്ചാൽ 15 ദിവസത്തിനകം ഉദ്യോഗസ്ഥർ പരിശോധന നടത്തി കെട്ടിട നിർമ്മാണത്തിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി കെട്ടിട ഉടമയെ 15 ദിവസത്തിനകം രേഖാമൂലം അറിയിയ്ക്കേണ്ടതാണെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിയ്ക്കുന്ന വിധത്തിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ അപ്രകാരം സാക്ഷ്യപ്പെടുത്തി 15 ദിവസത്തിനകം ഒക്യുപെൻസി നൽകേണ്ടതാണെന്നും ഒക്യുപെൻസി നൽകുന്ന തീയതി മുതൽ വസ്തു നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്നും നിർദ്ദേശിച്ചുകൊണ്ട് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും ചട്ടം 24 ന് വ്യക്തത വരുത്തിയിട്ടുണ്ട്. സ.ഉ(അച്ചടി)നം.25/2023/തസ്വഭവ,05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം 13.09.2023 തീയതിയിൽ നമ്പർ എസ്.സി3-3022/2023 പ്രകാരം പുറപ്പെടുവിച്ച വസ്തു നികുതി നിർണ്ണയ അന്തിമ വിജ്ഞാപനത്തിലെ 'വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നവ-100 ച.മീ വരെയുള്ള കെട്ടിടങ്ങൾ' എന്ന ഗണത്തിൽപ്പെടുത്തി ₹55/ചതുരശ്ര മീറ്റർ നിരക്കിൽ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരുന്നെങ്കിൽ ഈയിനത്തിൽ ഭാവിയിൽ ഉണ്ടാകുന്ന നികുതി വരവിലെ കുറവ് പരിഹരിക്കാവുന്നതാണ് (ഓരോ വർഷവും നികുതി നിരക്കിൽ 5% വർദ്ധനവ് ഉണ്ടാകുന്നതുമാണ്). കെട്ടിടം 27.06.2019 ന് കംപ്ലീഷൻ ആയതാണെങ്കിലും സാങ്കേതിക വിഭാഗം അപാകം ചൂണ്ടിക്കാട്ടിയതാണ്. ആയതിനാൽ കെട്ടിടത്തെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235 എ എ പ്രകാരം നിയമാനുസൃതം അല്ലാതെ കെട്ടിടം പണിപൂർത്തിയാക്കുകയോ അത് സെക്ഷൻ 203 (2) ൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതം അല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നിർണ്ണയിക്കാവുന്നതും കെട്ടിടത്തിന് ഒക്യൂപ്പൻസി അനുവദിച്ച 2024 രണ്ടാം അർദ്ധ വർഷം മുതൽ പുതുക്കിയ വിജ്ഞാപന പ്രകാരം നികുതി നിർണ്ണയിക്കുകയും ചെയ്യാവുന്നതുമാണ്. 2019 മുതൽ(കെട്ടിടം കംപ്ലീഷൻ ആയ തീയതി മുതൽ) ബാക്ക് അസ്സസ്സ് ചെയ്ത് പഴയ വിജ്ഞാപന പ്രകാരം കെട്ടിടത്തിന് നികുതി നിർണ്ണയിച്ചത് പുനഃപരിശോധിക്കപ്പെടേണ്ടതാണ്.

## 1-17 ക്വാട്ടേഴ്സ്/അപ്പാർട്ട്മെന്റുകൾ കെട്ടിടങ്ങളെ തെറ്റായ ഉപ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു.

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ,05.04.23 (എസ് ആർ ഒ നമ്പർ 479/2023) വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 4 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

പട്ടിക

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയുംവിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ<br>(ഉടമസ്ഥൻ താമസിക്കുന്നതും<br>ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക്<br>വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- | 6 | 10 |

| | | | |
|---|---|---|---|
| | 300 ച.മീ.വരെയുള്ളവ | | |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീറ്ററിന് മുകളിലുള്ളവ | 8 | 12 |
| 3 | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ -300 ച.മീ.വരെയുള്ളവ | 40 | 70 |
| 4 | ലോഡ്ജ്,ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ -300 ച.മീറ്ററിന് മുകളിലുള്ളവ | 55 | 75 |

എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് 13.09.2023 തീയതിയിൽ നമ്പർ എസ്.സി3-3022/2023 പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം ₹6,₹10,₹60,₹70 എന്നിങ്ങനെയാണ്.

ശ്രീ ഷൗക്കത്തലി ഉളിയൻ മൂലയിൽ എന്നവരുടെ 15/246 C,D,E,F എന്നീ കെട്ടിടങ്ങളുടെ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും അപ്പാർട്ട്മെന്റുകൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീറ്ററിന് മുകളിലുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് സഞ്ചയയിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത്. മൈലാഞ്ചിക്കൽ മരക്ക വളപ്പിൽ ഇല്ല്യാസ് എന്നവരുടെ 3/89 D,E,F കെട്ടിടങ്ങൾ, നാസിക് എ എന്നവരുടെ 5/333 A,B,C കെട്ടിടങ്ങൾ എന്നിവ യഥാക്രമം സഞ്ചയ സോഫ്റ്റ് വെയർ,Completed Building Plan പ്രകാരം ക്വാട്ടേഴ്സ് ഉപ വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളാണ്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളെ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീറ്റർ വരെയുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് സഞ്ചയയിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇത്തരത്തിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | ഈടാക്കേണ്ട വസ്തു നികുതി നിരക്ക് (₹) | ഈടാക്കിയ വസ്തുനികുതി നിരക്ക് (₹) |
|---|---|---|---|---|---|
| 15/246C | ഷൗക്കത്തലി ഉളിയൻ മൂലയിൽ | 74.09 | അപ്പാർട്ട്മെന്റുകൾ | ₹73.5* | ₹10.5* |
| 15/246D | | 74.1 | അപ്പാർട്ട്മെന്റുകൾ | ₹73.5 | ₹10.5 |
| 15/246E | | 80.82 | അപ്പാർട്ട്മെന്റുകൾ | ₹73.5 | ₹10.5 |
| 15/246F | | 80.82 | അപ്പാർട്ട്മെന്റുകൾ | ₹73.5 | ₹10.5 |
| 3/89D | മൈലാഞ്ചിക്കൽ മരക്ക വളപ്പിൽ ഇല്ല്യാസ് | 46.89 | ക്വാർട്ടേഴ്സ് | ₹63* | ₹6.3* |
| 3/89E | | 55.27 | ക്വാർട്ടേഴ്സ് | ₹63 | ₹6.3 |
| 3/89F | | 55.27 | ക്വാർട്ടേഴ്സ് | ₹63 | ₹6.3 |
| 5/333A | നാസിക് എ | 66.31 | ക്വാർട്ടേഴ്സ് | ₹63 | ₹6.3 |
| 5/333B | | 66.31 | ക്വാർട്ടേഴ്സ് | ₹63 | ₹6.3 |
| 5/333C | | 66.31 | ക്വാർട്ടേഴ്സ് | ₹63 | ₹6.3 |

(*2024-25 വർഷത്തിൽ 5% വർദ്ധനവ് വരുത്തിയ നികുതി നിരക്ക്)

(കുറിപ്പ് : അപ്പാർട്ട്മെന്റുകൾ വിഭാഗത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ, റസിഡൻഷ്യൽ ക്വാർട്ടേഴ്സ് വിഭാഗത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ എല്ലാം ഒരേ കെട്ടിട ഉടമയുടേതാണ്).

മേല്പറഞ്ഞ ക്വാർട്ടേഴ്സ്, അപ്പാർട്മെന്റുകൾ കെട്ടിടങ്ങൾക്ക് ഒക്യുപൻസി തീയതി മുതൽ പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് പ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് ഫയൽ അറൈസ് ചെയ്തിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(05/17.11.2025) മറുപടി നൽകിയിട്ടുണ്ട്. പുതുക്കിയ വിജ്ഞാപന പ്രകാരം കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതും നിലവിൽ നികുതിയിനത്തിൽ ഉണ്ടായ കുറവ് ഈടാക്കി ഒടുക്കേണ്ടതുമാണ്.

## 1-18 വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നതിൽ ഗണ്യമായ കുറവ്-ലൈസൻസ് കൂടാതെ വളർത്തുന്നതിന് പിഴ ഈടാക്കേണ്ടതാണ്.

1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. കൂടാതെ ചട്ടം 4(1) പ്രകാരം പട്ടികളേയോ പന്നികളേയോ വളർത്തുന്നതിന് അനുമതിക്കായി സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ചട്ടം 4(2) പ്രകാരം പഞ്ചായത്ത് തീരുമാനപത്തിൽ പറയുന്ന തീയതിക്ക് ശേഷം ഒരാളുടെ കൈവശത്തിൽ ഏതെങ്കിലും മാർഗ്ഗത്തിലൂടെ ഒരു പട്ടി അഥവാ പന്നി വന്നു ചേരുന്നുവെങ്കിൽ അതിനെ സംബന്ധിച്ച് ലൈസൻസിനായി ഒരു മാസത്തിനകം അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം പേവിഷ ബാധയ്ക്കെതിരായ കുത്തിവെപ്പ് എടുത്തിട്ടുണ്ടെന്ന വെറ്റിനറി സർജന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം (ചട്ടം4(3)).
W.P.(C) No. 13204/2021 കേസുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.08.2021 ലെ RC3/241/2021/LSGD നമ്പർ സർക്കുലർ പ്രകാരം എല്ലാ വളർത്തു നായകൾക്കും നിർബന്ധമായും ലൈസൻസ് എടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിന് ശേഷം ലൈസൻസ് നേടുന്ന പട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഡോഗ് രജിസ്റ്റർ, ലൈസൻസ് അനുബന്ധ ഫയലുകൾ പരിശോധിച്ചത് പ്രകാരം വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | ലൈസൻസ് അനുവദിച്ച നായകൾ |
|---|---|
| 2022-23 | 231 |
| 2023-24 | 102 |
| 2024-25 | 71 |

വെറ്റിനറി സർജന്റെ വാക്സിനേഷൻ ലഭ്യമാക്കുന്ന വളർത്തുനായ്ക്കളുടെ വിവരം ശേഖരിച്ച് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(13/20.11.2025) മറുപടി നൽകിയിട്ടുണ്ട്. 2024-25 ഗ്രാമപഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 269 വളർത്തു നായ്ക്കൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. ലൈസൻസില്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും നായകളെ വളർത്തുന്നതിനുള്ള പിഴയായി മേൽ പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം 250/- രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ് (നിരക്ക് നിശ്ചയിച്ച് കൊണ്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുക്കേണ്ടതുണ്ട്). വെറ്റിനറി സർജനിൽ നിന്നും ഉടമസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് ചട്ടപ്രകാരമുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മുഴുവൻ വളർത്തു നായ്ക്കളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 മുഴുവൻ മരുന്നും ലഭ്യമായില്ല - ലഭ്യമാകാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായ 61095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രൊജക്ട് നമ്പർ, പേര് | 63/25, കുറ്റൂർ എഫ്.എച്ച്.സിയിലേക്ക് മരുന്നുകളും ലാബ് റി ഏജന്റും വാങ്ങിക്കൽ |
| അടങ്കൽ | ₹500000 മെയിന്റനൻസ് ഫണ്ട് റോഡിതരം<br>₹200000 തനത് ഫണ്ട്<br>ആകെ ₹700000 |
| ചെലവ് | ₹500000 മെയിന്റനൻസ് ഫണ്ട് റോഡിതരം<br>₹200000 തനത് ഫണ്ട്<br>ആകെ ₹700000 |

കുറ്റൂർ എഫ്.എച്ച്.സിയിലേക്ക് മരുന്നുകളും ലാബ് റി ഏജന്റും വാങ്ങുന്നതിനായുള്ള മേൽ പ്രോജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി PRF 4362/15.03.2025 , പ്രകാരം KMSCL ന് 256169/- രൂപ നൽകിയിട്ടുണ്ട്. (ബിൽ നം.462/21.03.2025,₹200000 തനത് ഫണ്ട്, ബിൽ നം.463/18.03.2025,₹56169 മെയിന്റനൻസ് ഫണ്ട് റോഡിതരം).പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം 195074/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

(അവസാനം ലഭ്യമായ മരുന്നിന്റെ ഇൻവോയിസ് നം. 10935/29.10.2025). ബാക്കി 61095/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/22.11.2025) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാൻ ബാക്കിയുള്ള മരുന്നുകളുടെ വിലയായ 61095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - രേഖകൾ ലഭ്യമാക്കിയില്ല. 201167/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രൊജക്റ്റ് നമ്പർ, പേര് | 259/25, കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ(SO) |
| അടങ്കൽ | ₹393440 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹384594 |

കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ളതാണ് മേൽ പ്രോജക്റ്റ്. പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റിന്റെ ഭാഗമായി 10 BP മോണിറ്റർ ലഭ്യമാക്കുന്നതിനായി വൗച്ചർ നമ്പർ 22401196/26.03.2025 പ്രകാരം KMSCL ന് 106658/- രൂപ മുൻകൂർ നൽകിയിട്ടുണ്ട് . ആയത് പ്രകാരം 10 BP മോണിറ്ററുകൾ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിന് 99991/- രൂപയാണ് ചെലവ് വന്നത്. ബാലൻസ് തുകയായ 6667/- (106658 -99991)രൂപയ്ക്ക് ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ 13.11.2025 ന് KMSCL നോട് ആവശ്യപ്പെട്ടിരുന്നു. ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും Wall Painting , Writing & Art Work എന്നീ പ്രവർത്തനങ്ങൾക്കായി ലിമിറ്റഡ് ടെണ്ടർ പ്രകാരം ADM Advertising Company, Payyannur എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. Wall Painting പ്രവൃത്തിക്കായി 97500/- രൂപയും Writing & Art Work നായി 97000/- രൂപയും വൗച്ചർ നമ്പർ 22401213/28.03.2025 പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വാല്വേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/22.11.2025) മറുപടിയായി ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വാല്വേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഗ്ലൂക്കോമീറ്റർ സ്ട്രിപ്പിനായി നൽകിയ തുകയായ 6667/- രൂപയുടേയും, വാല്വേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ Wall Painting, Writing & Art Work എന്നീ പ്രവൃത്തികൾക്കായി ചെലവഴിച്ച 194500/- രൂപയുടേയും ഉൾപ്പെടെ ആകെ 201167/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകൽ -ഗുണഭോക്താക്കളുടെ വിവരം,വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല - ₹34424 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രൊജക്റ്റ് നമ്പർ, പേര് | 125/25, കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകൽ |
| അടങ്കൽ | ₹50000 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹50000, 91/30.08.2025 |

കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിനായുള്ള മേൽ പ്രോജക്ടിന്റെ ഭാഗമായി ₹50000 സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ 18.09.2025 തീയതിയിലെ SHA/884/2025-MGR(FIN) നമ്പർ കത്ത് പ്രകാരം 50000/- രൂപ(ഹയാൻ, ദൻവിക് ദേവ് എന്നീ കുട്ടികൾക്ക്) കിട്ടിയിട്ടുണ്ടെന്നും ഈ തുകയിൽ 15576/- രൂപ (ഹയാൻ ) കോക്ലിയർ മെയിന്റനൻസ് പെയ്മെന്റിനായി ഉപയോഗിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ബാക്കി 34424/-(50000-15576) രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/22.11.2025) മറുപടി ലഭ്യമാക്കിയെങ്കിലും 34424 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. രേഖയുടെ അഭാവത്തിൽ ₹34424 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 വെള്ളോറ ജി എച്ച് ഡി, ജി.എച്ച്.ഡി എരമം കുറ്റൂർ എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നുകളും ലഭ്യമായില്ല.₹60385 യുടെ ചെലവ് തുക തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രൊജക്ട് നമ്പർ, പേര് | 115/25 , ജി എച്ച് ഡി വെള്ളോറ ജി എച്ച് ഡി എരമം കുറ്റൂർ എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹700000 മെയിന്റൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് (ബിൽ നമ്പർ/തീയതി) | ₹700000/170/18.12.2024 |

ഗവ. ഹോമിയോ ഡിസ്പെൻസറി വെള്ളോറയ്ക്കും ഗവ. ഹോമിയോ ഡിസ്പെൻസറി എരമം-കുറ്റൂരിനും വേണ്ടി മരുന്നുകൾ വാങ്ങുന്നതിനായി, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (HOMCO) അക്കൗണ്ടിലേക്ക് അഡ്വാൻസായി നൽകിയ ആകെ ₹7,00,000 ൽ, ഇതുവരെ ₹639615- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള ₹60385 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(09-18.11.2025) മറുപടിയായി, ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനായി HOMCO-യ്ക്ക് കത്ത് അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമാകാത്ത മരുന്നിന്റെ ₹60385 യുടെ ചെലവ് തുക തടസപ്പെടുത്തുന്നു.

## 1-23 ക്വോട്ട് ചെയ്ത നിരക്കിൽ നിന്നും അധികമായി നൽകിയ 1050 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -ഹോമിയോ |
| പ്രൊജക്ട് നമ്പർ / പേര് | 233-25 , എരമം ഹോമിയോ ആശുപത്രിക്ക് ഇൻവെർട്ട് വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ | ₹50000 (മെയിന്റനൻസ് ഗ്രാന്റ് നോൺ |

| | |
|---|---|
| | റോഡ് ) |
| ചെലവ് | ₹48950-249/10.01.2025 -<br>₹1050-446/ 19.03.2025<br>ആകെ -₹50000 |

എരമം ഹോമിയോ ആശുപത്രിക്ക് ഇൻവെർട്ടർ വാങ്ങി സ്ഥാപിക്കൽ (പ്രോജക്റ്റ് നമ്പർ 233-25) എന്ന പ്രവൃത്തിക്കായി Zenster Power Solution Pvt Ltd എന്ന സ്ഥാപനത്തിന് 50,000 രൂപ നൽകിയിട്ടുണ്ട്. 25.11.2024-ൽ ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഈ സ്ഥാപനത്തിന്റെ (48950) ക്വട്ടേഷനാണ് സ്വീകരിച്ചത്. എന്നാൽ സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ 1050 രൂപ അധികമായി (ആകെ 50000 രൂപ) വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10-18-11-2025) മറുപടിയായി, പ്രോജക്റ്റ് ഫണ്ടിൽ ബാക്കിയുണ്ടായിരുന്ന ₹1,050 ചേഞ്ച് ഓവർ സ്വിച്ച് സ്ഥാപിക്കാൻ വിനിയോഗിച്ചുവെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും, ക്വോട്ട് ചെയ്ത നിരക്കിൽ നിന്നും അധികമായി നൽകിയ തുക ₹1,050-യുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് തിരിച്ചടക്കേണ്ടതാണ്.

## 1-24 ബയോഗ്യാസ് പ്ലാന്റ് വീടുകൾക്ക് - മാർഗ്ഗരേഖയിൽ പരാമർശിച്ചതിൽ നിന്നും അധികമായി അനുവദിച്ച 29130/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മാതമംഗലം സർക്കിൾ |
| പ്രൊജക്റ്റ് നമ്പർ, പേര് | 48/25, ബയോഗ്യാസ് പ്ലാന്റ് വീടുകൾക്ക് |
| അടങ്കൽ | ₹349877 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹38875 മറ്റുള്ളവ<br>ആകെ ₹388752 |
| ചെലവ് | ₹174933, 545/29.03.2025 ധനകാര്യകമ്മീഷൻ ഗ്രാന്റ് |

മാലിന്യസംസ്കരണത്തിനായി വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായുള്ള മേൽ പ്രോജക്റ്റ് പ്രകാരം യൂണിറ്റ് കോസ്റ്റ് 12958/- രൂപ നിരക്കിൽ റെയ്ഡ്കോയിൽ നിന്നും തൻവർഷം 15 ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്) നം.115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 6.8.1.2 പ്രകാരം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് അനുവദിക്കാവുന്ന സബ്സിഡി തുക 90% (പരമാവധി 9720/- രൂപ) ആണ്. എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുകയായ 9720/- രൂപയിൽ പരിമിതപ്പെടുത്താതെ യൂണിറ്റ് കോസ്റ്റിന്റെ 90% തുകയായ 11662/- സബ്സിഡിയായി അനുവദിക്കുകയും 10% തുകയായ 1296/- രൂപ ഗുണഭോക്തൃവിഹിതമായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 15 പേർക്ക് താഴെ പറയും പ്രകാരം അധികം തുക സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| അനുവദിക്കാവുന്ന സബ്സിഡി തുക | 9720/Unit |
| അനുവദിച്ച സബ്സിഡി തുക | 11662/Unit |
| അധികം അനുവദിച്ച തുക | 11662-9720=1942 |
| മേൽ പ്രകാരം 15 പേർക്ക് അധികം അനുവദിച്ച തുക | 15*1942=29130 |

2. ആകെ 28 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളാണ് അനുവദിച്ചിട്ടുള്ളത് . അതിൽ തൻവർഷം 15 പേർക്കും ബാക്കി 13 പേർക്ക് 2025-26 വർഷവുമാണ് അനുവദിച്ചിട്ടുള്ളത്. കളക്ഷൻ രജിസ്റ്റർ പ്രകാരം ബയോഗ്യാസ് പ്ലാന്റിന്റെ ഗുണഭോക്തൃവിഹിതമായ 1296/- രൂപ വീതം 28 ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി 18.03.2025 ന് (36288/- രൂപ)

പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ സുലേഖയിലെ ചെലവ് തുകയിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(22/21.11.2025) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയിൽ പരാമർശിച്ചതിൽ നിന്നും അധികമായി അനുവദിച്ച 29130/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 1-25 ഭവനപുനരുദ്ധാരണം - അധികമായി അനുവദിച്ച 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെള്ളോറ സർക്കിൾ |
| പ്രൊജക്ട് നമ്പർ, പേര് | 153/25, ഭവനപുനരുദ്ധാരണം (SO) |
| അടങ്കൽ | ₹200000 തനത് ഫണ്ട് |
| ചെലവ് | ₹50000, 44/12.07.2024<br>₹150000, 56/20.07.2024<br>ആകെ - ₹200000 തനത് ഫണ്ട് |

ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനായുള്ള മേൽ പ്രോജക്ട് പ്രകാരം 4 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ രണ്ടാം ഗഡു അനുവദിച്ച കാർത്ത്യായനി കോടയാട് എന്ന ഗുണഭോക്താവിന്റെ ഭവനത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം മേൽക്കൂര മാറ്റി വയ്ക്കൽ പ്രവൃത്തിയാണ് ഗുണഭോക്താവ് നടത്തിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്) നം.115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 6.7.3 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുന്നതിന് ജനറൽ വിഭാഗത്തിന് അർഹമായ തുക 75000/- രൂപയാണ്. എന്നാൽ മേൽ ഗുണഭോക്താവിന് 2 ഗഡുക്കളിലായി ആകെ 100000/- രൂപ നൽകിയിട്ടുണ്ട്. (വീട് വാസയോഗ്യമാക്കലിനുള്ള സബ്സിഡി തുക). അധികം തുക നൽകിയതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/21.11.2025) മേൽക്കൂര മാറ്റി സ്ഥാപിക്കൽ അല്ലാതെ മറ്റ് പ്രവൃത്തികളും ചെയ്തിട്ടുണ്ടെന്നും (ചുമർ പ്ലാസ്റ്ററിംഗ്, ഗ്രിൽസ് പിടിപ്പിക്കൽ) എന്നാൽ വാല്യുയേഷനിൽ ഉൾപ്പെടാതെ പോയതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇവ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. അർഹമായതിൽ നിന്നും അധികമായി അനുവദിച്ച 25000/-(100000-75000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ഇടവിള കൃഷി-ഇഞ്ചി-മഞ്ഞൾ വിത്ത് വിതരണം-യഥാർത്ഥ വിലയ്ക്ക് നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹92800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 43/25, ഇടവിള കൃഷി-ഇഞ്ചി-മഞ്ഞൾ വിത്ത് വിതരണം |
| അടങ്കൽ | ₹6,96,000 - (വികസന ഫണ്ട്<br>പൊതുവിഭാഗം) |
| ചെലവ് | ₹6,00,000- ബിൽ നമ്പർ: 343/07.03.2025<br>₹96,000 – ബിൽ നമ്പർ: 409/14.03.2025<br>ആകെ – ₹6,96,000 |

പഞ്ചായത്തിലെ 2320 കുടുംബങ്ങൾക്ക് ഇടവിള കൃഷി കിറ്റുകൾ(കിറ്റ് ഒന്നിൽ 2Kg ഇഞ്ചി,2 Kg മഞ്ഞൾ) സൗജന്യമായി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പ്രോജക്ട്.
പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.
A).പ്രോജക്ടിന്റെ ഭാഗമായി ഇൻവോയ്സ് നമ്പർ 1668/18.02.25(ബിൽ നമ്പർ: 343/07.03.2025) പ്രകാരം മുണ്ടേരി അഗ്രോ സർവീസ് സെന്ററിൽ നിന്ന് ഒരു കിറ്റിൽ 2Kg ഇഞ്ചി(₹100/Kg), 2Kg മഞ്ഞൾ(₹50/Kg) ഉൾപ്പെടുന്ന 2000 കിറ്റും ബിൽ നമ്പർ: 409/14.03.2025 പ്രകാരം 320 കിറ്റും ഒരു കിറ്റിന് ₹300 നിരക്കിൽ വാങ്ങിയിട്ടുണ്ട്. അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് & ഫാർമേഴ്സ് വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ ADFW/225/2021-TH1 തീ.23.2.2021 നമ്പർ ഉത്തരവ് പ്രകാരം ഇഞ്ചി വിത്തുകൾക്ക് (Ginger Seed) യൂണിറ്റ് കോസ്റ്റ് ₹80/Kg നിരക്കും മഞ്ഞൾ വിത്തിന്(Turmeric Seed) ₹50/Kg നിരക്കുമാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇഞ്ചി വിത്തുകൾ യൂണിറ്റിന് ₹100 നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. യൂണിറ്റ് കോസ്റ്റ് നിരക്കിൽ കിറ്റിന് (2Kg ഇഞ്ചി,2Kg മഞ്ഞൾ) ഈടാക്കാവുന്ന പരമാവധി തുക ₹260(2x80+2x50) ആണെന്നിരിക്കെ ഉത്തരവിന് വിഭിന്നമായി അധിക യൂണിറ്റ് കോസ്റ്റിന് കിറ്റുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.
B).ഇഞ്ചി,മഞ്ഞൾ വിത്ത് ഉൾപ്പെടുന്ന കിറ്റുകൾ മുണ്ടേരി അഗ്രോ സർവീസ് സെന്ററിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.സ.ഉ.

(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.1.4 പ്രകാരം ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ എന്നിവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാനവിത്ത് വികസന അതോറിറ്റി, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ,VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വിലയ്ക്ക് വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെയോ പ്രവർത്തിയ്ക്കുന്ന നഴ്സറികളിൽ നിന്നും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ട് വാങ്ങാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുണ്ടേരി അഗ്രോ സർവീസ് സെന്റർ വാങ്ങൽ നടപടികൾ കൂടാതെ ഭക്ഷ്യ വിളകളുടെ വിത്തുകൾ വാങ്ങുന്നതിന് അനുമതിയുള്ള സ്ഥാപനമാണോ എന്നത് വ്യക്തമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച എൻക്വയറിക്ക് (49/22.11.2025) മറുപടി നൽകിയിട്ടില്ല. സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.1.4 പ്രകാരം വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാനവിത്ത് വികസന അതോറിറ്റി,വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ ,VFPCK, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഗുണമേന്മ അനുസരിച്ച് യഥാർത്ഥ വിലയ്ക്ക് വാങ്ങാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. മുണ്ടേരി അഗ്രോ സർവീസ് സെന്ററിൽ നിന്നും ഗുണമേന്മ അനുസരിച്ച് യഥാർത്ഥ വിലയ്ക്ക് വാങ്ങൽ നടപടികൾ കൂടാതെ ഭക്ഷ്യ വിളകൾ/വിത്തുകൾ വാങ്ങാമെന്നത് സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകൾ/രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം യൂണിറ്റ് കോസ്റ്റിന് അധികം നൽകിയ തുക ₹92800(2320x300-2320x260) തിരിച്ചടക്കേണ്ടതാണ്. മറുപടി, യഥാർത്ഥ വിലയ്ക്ക് നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹92800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 വാഴ ഗ്രാമം-കുടുംബശ്രീ സ്വാശ്രയ സംഘങ്ങൾ കൃഷി കൂട്ടങ്ങൾ എന്നിവയ്ക്ക് വാഴക്കന്ന് വിതരണം-യഥാർത്ഥ വിലയ്ക്ക് നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 42/25, വാഴ ഗ്രാമം-കുടുംബശ്രീ സ്വാശ്രയ സംഘങ്ങൾ കൃഷി കൂട്ടങ്ങൾ എന്നിവയ്ക്ക് വാഴക്കന്ന് വിതരണം |
| അടങ്കൽ | ₹300000-വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹300000- ബിൽ നമ്പർ: 198/11.12.2024 |

പഞ്ചായത്തിലെ 150 ഗ്രൂപ്പുകൾക്ക് 100 വാഴ കന്നുകൾ വീതം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി കാർഷിക കർമ്മസേന,കുറ്റൂർ എന്ന സ്ഥാപനത്തിൽ നിന്നും 15000 എണ്ണം വാഴ കന്നുകൾ(നേന്ത്ര വാഴ) ഒന്നിന് 20 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട് (ബിൽ നമ്പർ:192/12.10.24).

സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022 ഖണ്ഡിക 6.1.4(6) പ്രകാരം ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ,വാഴ എന്നിവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാനവിത്ത് വികസന അതോറിറ്റി, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ,VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വിലയ്ക്ക് വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെയോ പ്രവർത്തിയ്ക്കുന്ന നഴ്സറികളിൽ നിന്നും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ട് വാങ്ങാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.4(3) പ്രകാരം കാർഷിക കർമ്മ സേനകൾക്ക് കൃഷിക്കായി നൽകാം എന്ന് പറയുന്നുണ്ടെങ്കിലും നേരിട്ട് കാർഷിക കർമ്മസേനകളിൽ നിന്നും യഥാർത്ഥ വിലയ്ക്ക് വിത്തുകൾ/വാഴ കന്നുകൾ വാങ്ങാമെന്ന് പറയുന്നില്ല. കാർഷിക കർമ്മ സേനകളിൽ നിന്നും വാങ്ങൽ നടപടികൾ കൂടാതെ യഥാർത്ഥ വിലയ്ക്ക് ഭക്ഷ്യ വിളകൾ, വാഴ കന്നുകൾ എന്നിവ വാങ്ങുന്നതിനുള്ള അനുമതി രേഖകൾ ലഭ്യമല്ല. അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് & ഫാർമേഴ്സ് വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ ADFW/225/2021-TH1 തീ.23.2.2021 നമ്പർ ഉത്തരവ് പ്രകാരം നേന്ത്ര വാഴ കന്നുകൾക്ക് യൂണിറ്റ് കോസ്റ്റ് ₹15/Kg ആയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ യൂണിറ്റിന് ₹20 നിരക്കിലാണ് വാഴ കന്നുകൾ വാങ്ങിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണ സമയത്ത് നേന്ത്ര വാഴകന്നുകൾ സർക്കാർ ഫാമുകൾ, VFPCK എന്നീ സ്ഥാപനങ്ങളിൽ ലഭ്യമാകാത്തതിനാലാണ് കാർഷിക കർമ്മ സേനയിൽ നിന്നും യൂണിറ്റ്

കോസ്റ്റ് 20 രൂപ നിരക്കിൽ വാങ്ങിയിട്ടുള്ളതെന്നും ഇതുവഴി പഞ്ചായത്തിൽ വാഴ കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞുവെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (41/22.11.2025) മറുപടി നൽകിയിട്ടുണ്ട്. സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.4(3) പ്രകാരം കാർഷിക കർമ്മ സേനകൾക്ക് കൃഷിക്കായി നൽകാം എന്ന് പറയുന്നുണ്ടെങ്കിലും നേരിട്ട് കാർഷിക കർമ്മസേനകളിൽ നിന്നും യഥാർത്ഥ വിലയ്ക്ക് വിത്തുകൾ/വാഴ കന്നുകൾ വാങ്ങാമെന്ന് പറയുന്നില്ല. കാർഷിക കർമ്മ സേന,കുറ്റൂർ എന്ന സ്ഥാപനത്തിൽ നിന്നും ഗുണമേന്മ അനുസരിച്ച് യഥാർത്ഥ വിലയ്ക്ക് വാങ്ങൽ നടപടികൾ കൂടാതെ വാഴ കന്നുകൾ വാങ്ങാമെന്നത് സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകൾ/രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം യൂണിറ്റ് കോസ്റ്റിന് അധികം നൽകിയ തുക ₹75000 (15000x20-15000x15) തിരിച്ചടക്കേണ്ടതാണ്. യഥാർത്ഥ വിലയ്ക്ക് നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത-അധികം അനുവദിച്ച ₹4000 യുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ,പേര് | 53/25,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ബത്ത |
| അടങ്കൽ തുക | ₹800000 (വികസനഫണ്ട്-പൊതുവിഭാഗം)<br>₹400000(തനത് ഫണ്ട്)<br>₹500000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹200000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ :₹1900000 |
| ചെലവ് | ₹800000 (വികസനഫണ്ട്-പൊതുവിഭാഗം)<br>₹252900(തനത് ഫണ്ട്)<br>₹360000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹190000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ :₹1602900 |

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്ര ബത്തയും അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ പ്രോജക്ട്.

പ്രോജക്ട് പ്രകാരം സ്കോളർഷിപ്പ് ലഭ്യമാക്കിയ കാവ്യ പി.വി, ഗവേഷണ വിദ്യാർത്ഥി(സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, പെരിയ) എന്ന വിദ്യാർത്ഥിയുടെ അപേക്ഷ, ഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് പ്രകാരം വിദ്യാർത്ഥിനിയുടെ ഭിന്നശേഷി തരം ചലന വൈകല്യം ആണ്. പ്രസ്തുത വിദ്യാർത്ഥിനി ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതാണ്. സ.ഉ(കൈ)നം.115/2022/LSGD, 28.05.2022 ഖണ്ഡിക 7.16 (എ) പ്രകാരം പട്ടികയിൽ ബിരുദാനന്ത ബിരുദത്തിന് ശേഷമുള്ള ഗവേഷണത്തിന് പ്രത്യേകം സ്കോളർഷിപ്പ് തുക പറയുന്നില്ലെങ്കിലും ബിരുദാനന്ദ ബിരുദത്തിന് ഹോസ്റ്റലിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് പ്രതിമാസം 1500 രൂപയും വാർഷിക ബത്ത 1500 രൂപയും ഉൾപ്പെടെ ആകെ ഒരു വർഷം അനുവദിക്കാവുന്ന സ്കോളർഷിപ്പ് തുക 19500 രൂപയാണ്. എന്നാൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം 23500 അനുവദിച്ചിട്ടുണ്ട്.

| ഉൾപ്പെടുന്ന ബിൽ | അനുവദിച്ച തുക |
|---|---|
| 436/18.03.2025- ₹252900 | ₹14500 |
| BRN2419105201000l053790/17.12.24-₹190000 | ₹9000 |
| TOTAL | ₹23500 |

സ്കോളർഷിപ്പ് ഇനത്തിൽ ₹4000(23500-19500) അധികം തുക അനുവദിച്ചിട്ടുണ്ട്. ചലന വൈകല്യമുള്ള കുട്ടികൾക്ക് നൽകുന്ന യാത്രാ ബത്ത ഇനത്തിൽ 4000 രൂപ അനുവദിച്ചതിനാലാണ് അധികം തുക സ്കോളർഷിപ്പ് അനുവദിച്ചതെന്നും

അധികമായി നൽകിയ തുക 2025-26 വർഷം ക്രമീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച എൻക്വയറിക്ക് (19/20.11.2025) മറുപടി നൽകിയിട്ടുണ്ട്. അധികം അനുവദിച്ച തുക ക്രമീകരിച്ച് വിവരം അറിയിക്കുന്നത് വരേയും ₹4000യുടെ ചെലവ് നിരാകരിക്കുന്നു.

**1-29 പാലിന് സബ്സിഡി -കൃത്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല - 2049985രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്പക്ടർ |
| പ്രോജക്റ്റിന്റെ പേര്&നം | 71/25 ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി |
| അടങ്കൽ | 800000 വികസന ഫണ്ട് പൊതു വിഭാഗം<br>400000ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1000000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ 2200000 |
| ചെലവ് | 800000 വികസന ഫണ്ട് പൊതു വിഭാഗം<br>400000ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>849985 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ 2049985 |

ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിനു 3രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്ന പ്രൊജക്ടാണിത്. മേൽ പദ്ധതിയ്ക്കു വേണ്ടി വിവിധ ബില്ലുകൾ പ്രകാരം 2049985രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക | ബിൽ നമ്പർ/അലോട്ട്മെന്റ് നമ്പർ, തീയ്യതി, ഫണ്ടിനം | ക്ഷീരസഹകരണസംഘത്തിന്റെ പേര് |
|---|---|---|---|
| 1 | 188898 | Allotment No. 297/21-01-25 ബ്ലോക്ക് പഞ്ചായത്ത് | പേരൂൾ ക്ഷീരസഹകരണസംഘം |
| 2 | 211102 | Allotment No. 298/21-01-2025 ബ്ലോക്ക് പഞ്ചായത്ത് | പേരൂൾ ക്ഷീരസഹകരണസംഘം |
| 3 | 242909 | 348/07-03-2025<br>വികസന ഫണ്ട് | പേരൂൾ ക്ഷീരസഹകരണസംഘം |
| 4 | 132988 | Allotment No. 299/21-01-2025 ജില്ലാപഞ്ചായത്ത് | പേരൂൾ ക്ഷീരസഹകരണസംഘം |
| 5 | 182300 | Allotment No. 412/07-03-2025 ജില്ലാപഞ്ചായത്ത് | പേരൂൾ ക്ഷീരസഹകരണസംഘം |
| 6 | 84138 | 413/24-03-2025 ജില്ലാപഞ്ചായത്ത് | പേരൂൾ ക്ഷീരസഹകരണസംഘം |
| 7 | 60471 | Allotment No. 316/01-02-2025 ജില്ലാപഞ്ചായത്ത് | കുറ്റൂർ ക്ഷീരസഹകരണസംഘം |
| 8 | 135594 | 347/07-03-2025<br>വികസന ഫണ്ട് | കുറ്റൂർ ക്ഷീരസഹകരണസംഘം |
| 9 | 65406 | Allotment No. 416/11-03-2025 ജില്ലാപഞ്ചായത്ത് | കുറ്റൂർ ക്ഷീരസഹകരണസംഘം |
| 10 | 79467 | 277/22-01-2025<br>വികസന ഫണ്ട് | പെരുമ്പടവ് ക്ഷീരസഹകരണസംഘം |
| 11 | 99888 | 345/07-03-2025<br>വികസന ഫണ്ട് | പെരുമ്പടവ് ക്ഷീരസഹകരണസംഘം |

| | | | |
|---|---|---|---|
| 12 | 40044 | Allotment No. 322/04-02-2025 ജില്ലാപഞ്ചായത്ത് | പറവൂർ ക്ഷീരസഹകരണസംഘം |
| 13 | 67329 | 344/07-03-2025 വികസന ഫണ്ട് | തിമിരി ക്ഷീരസഹകരണസംഘം |
| 14 | 54558 | Allotment No. 300/21-01-2025 ജില്ലാപഞ്ചായത്ത് | പെരുന്തട്ട ക്ഷീരസഹകരണസംഘം |
| 15 | 174813 | 346/07-03-2025 വികസന ഫണ്ട് | വെള്ളോറ ക്ഷീരസഹകരണസംഘം |
| 16 | 79191 | Allotment No. 410/07-03-2025 ജില്ലാപഞ്ചായത്ത് | പെരുമ്പടവ് ക്ഷീരസഹകരണസംഘം |
| 17 | 58440 | Allotment No. 411/07-03-2025 ജില്ലാപഞ്ചായത്ത് | പറവൂർ ക്ഷീരസഹകരണസംഘം |
| 18 | 73654 | Allotment No. 412/07-03-2025 ജില്ലാപഞ്ചായത്ത് | പെരുമ്പടവ് ക്ഷീരസഹകരണസംഘം |
| 19 | 18795 | Allotment No. 526/24-03-2025 ജില്ലാപഞ്ചായത്ത് | പെരുമ്പടവ് ക്ഷീരസഹകരണസംഘം |
| ആകെ തുക | 2049985 | | |

ആയതിന്റെ ഫയലുകൾ പരിശോധിച്ച് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ബില്ലിനോടൊപ്പം ഹാജരാക്കിയ പാലളവ് സംബന്ധിച്ച പട്ടികകൾ, വിവിധ ക്ഷീരസഹകരണസംഘങ്ങൾ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഒരു കുടുംബത്തിന് പരമാവധി സബ്സിഡി തുക, 40000രൂപയിൽ അധികം അനുവദിച്ചിട്ടില്ല എന്നത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

3) യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് തുക അനുവദിച്ചത് എന്നത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
4) ക്ഷീരവികസനം/മൃഗസംരക്ഷണം സംബന്ധിച്ച വർക്കിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല;
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/20.11.2025) ന് മറുപടി, രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
ഈ സാഹചര്യത്തിൽ ₹2049985 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 പട്ടികവർഗ്ഗവനിതളുടെ വിവിഹധനസഹായം - രേഖകൾ ലഭ്യമാക്കിയില്ല. ₹125000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 64-25, പട്ടികവർഗ്ഗ വനിതകളുടെ വിവാഹ ധനസഹായം |
| അടങ്കൽ | ₹125000 (വികസനഫണ്ട് ടി എസ് പി) |
| ചെലവ് | ₹125000- 74/ 19-08-2024 |

പട്ടികവർഗ്ഗ വനിതളുകടെ വിവാഹ ധനസഹായം എന്ന പ്രൊജക്ടിൽ ശ്രീമതി. സുലോചന എന്നവരുടെ മകളുടെ വിവാഹ ധനസഹായത്തിനായി ₹125000 അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷക പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും സമാനമായ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42-24-11-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടേയും രേഖകളുടേയും അഭാവത്തിൽ ₹125000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-31 എസ് ടി സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ -അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല - 475000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 142-25, കായപൊയിൽ എസ് ടി സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹20000 (തനത് ഫണ്ട്)<br>₹475000 (ജില്ലാപഞ്ചായത്ത് വിഹിതം)<br>ആകെ – ₹495000 |
| ചെലവ് | ₹475000 – 24191052008801020017/12.12.2024 |

കായപൊയിൽ എസ് ടി സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി താഴെ കൊടുത്ത ഫർണ്ണിച്ചറുകൾ വാങ്ങിച്ചിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഫർണ്ണിച്ചർ ഇനം | എണ്ണം | വില |
|---|---|---|---|
| 1 | ഓഫീസ് ടേബിൾ | 2 | 24700 |
| 2 | ഓഫീസ് ടേബിൾ | 5 | 38000 |
| 3 | കസേര | 42 | 159600 |
| 4 | ഡെസ്ക്ക് | 12 | 51000 |
| 5 | ബെഞ്ച് | 12 | 40200 |
| 6 | ഫൈബർ കസേര | 120 | 80400 |
| 7 | ബുക്ക് ഷെൽഫ് | 5 | 46750 |
| 8 | ഓഫീസ് ഷെൽഫ് | 4 | 33440 |
| 9 | സ്റ്റിക്കർ & പ്രിന്റ് | 1 | 910 |
| | | | 475000 |

ഫർണിച്ചർ സാധനങ്ങൾ സ്റ്റോക്കെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും കായപ്പൊയിൽ എസ്.ടി സാംസ്കാരിക നിലയത്തിന്റെ കൈപ്പറ്റ് രസീതും പ്രസ്തുത സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43- 24-11-2025) മറുപടിയായി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹4,75,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 എ.ബി.സി. പദ്ധതി- വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രശീതിയും പരിശോധനക്ക് ലഭ്യമാക്കിയില്ല. ₹ 1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എ.ബി.സി. പദ്ധതിക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 20-25, എ ബി സി ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ |
| അടങ്കൽ | ₹100000 ( വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹100000 -408/ 14-03-2025 |

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം, എ.ബി.സി. പദ്ധതി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായിട്ടാണ് നടപ്പിലാക്കേണ്ടത്. ഇതിന്റെ മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാ പഞ്ചായത്ത് ആയിരിക്കും എന്നും, പദ്ധതി വിഹിതം മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തിന് കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രൊജക്ട് വിഹിതമായി ₹ 1,00,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ, കൈമാറിയ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ,കൈപ്പറ്റ് രശീതിയോ, പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങളോ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27-21.11.2025), വിനിയോഗ സാക്ഷ്യപത്രത്തിനും കൈപ്പറ്റ് രശീതിക്കുമായി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭിച്ചിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രത്തിന്റേയും കൈപ്പറ്റ് രശീതിയുടേയും അഭാവത്തിൽ, ₹ 1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-33 വൃത്തി 2025 ,ദി ക്ലീൻ കേരള കോൺക്ലേവ്- ശുചിത്വ മിഷനിലേക്ക് കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല - ₹ 25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 306/25 ,വൃത്തി 2025 ,ദി ക്ലീൻ കേരള കോൺക്ലേവ് |
| അടങ്കൽ | ₹25,000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹25,000- 475/ 22-03-2025 |

തദ്ദേശ സ്വയംഭരണ (WM) വകുപ്പിന്റെ 07-03-2025 തീയതിയിലെ സ.ഉ(സാധാ) നം. 645/2025/തസ്വഭവ ഉത്തരവ് പ്രകാരം, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വൃത്തി-2025: ദി ക്ലീൻ കേരള കോൺക്ലേവ് എന്ന പരിപാടി സംഘടിപ്പിക്കുന്നതിനായി ₹ 25,000/- (ഇരുപത്തയ്യായിരം രൂപ) ശുചിത്വ മിഷനിലേക്ക് കൈമാറിയിട്ടുണ്ട്. കൈമാറ്റം ചെയ്ത ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/21.11.2025), വിനിയോഗ സാക്ഷ്യപത്രത്തിനായി ശുചിത്വ മിഷന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭിച്ചിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ, ₹ 25,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-34 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ലെ ആർട്ടിക്കിൾ 282(1)(a) പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 79 പ്രകാരവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ ലഭിക്കാത്ത ഡെപ്പോസിറ്റ് തുകകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് ചേർക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നതിൽ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതിനാൽ, സർക്കുലർ നമ്പർ എ.സി.1/125/2019-തസ്വഭവ, തീയതി 14-01-2020 പ്രകാരം, മൂന്നു വർഷത്തിലധികമായി അക്കൗണ്ടുകളിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റ് തുകകൾ മൂന്നു വർഷം പൂർത്തിയാകുന്ന തിയതിയുടെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് ചേർക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ 2024-25 സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ചേർത്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29 -21.11.2025) കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

### 1-35 ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.. 90000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
ഫണ്ടിനം - തനതുഫണ്ട്
വൗച്ചർ നമ്പർ 22400342, തീയതി 30-08-2024 പ്രകാരം, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, വാട്ടർ സപ്ലൈ ഡിവിഷൻ, തളിപ്പറമ്പിന് ആകെ 90000 രൂപ അനുവദിച്ചിട്ടുണ്ട്.താഴെ പറയുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| ഗ്രാമപഞ്ചായത്തിലെ അഞ്ച് പൊതുടാപ്പുകളിൽ വാട്ടർ മീറ്റർ ഘടിപ്പിക്കുന്ന പ്രവൃത്തിക്ക്. | 60,000 രൂപ |
| ഗ്രാമപഞ്ചായത്തിലെ 20 പൊതുടാപ്പുകൾ വിച്ഛേദിക്കുന്ന പ്രവൃത്തിക്ക്. | 30,000 രൂപ |

കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പും പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44- 24-11-2025) മറുപടിയായി, കരാർ ചമച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ, ₹90,000 യുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-36 മരങ്ങൾ മുറിച്ച് നീക്കിയത് - ലേലം ചെയ്തതിന്റെ തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ച് നീക്കിയതിന് 2024-25 സാമ്പത്തിക വർഷത്തിൽ ആകെ ₹47,000 ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം | വൗച്ചർ നമ്പർ/ തീയതി | തുക (₹) | റിമാർക്സ് |
|---|---|---|---|
| 1 | 22400989 / 10.02.2025 | 18,000 | പെരുവാമ്പ പുതിയ വയൽ പാലത്തിന് സമീപം വീണ കാഞ്ഞിരമരം മുറിച്ചുമാറ്റുന്നതിന് നൽകിയ തുക. |
| 2 | 22401031 / 27.02.2025 | 4,000 | ആയുർവേദ ആശുപത്രി കോമ്പൗണ്ടിലെ മരം മുറിച്ച് മാറ്റിയതിന് നൽകിയ കൂലി. |
| 3 | 22401237 / 29.03.2025 | 25,000 | 10-ാം വാർഡിൽ പച്ചാണി പുഴയുടെ കുറുകെ കടപുഴകി വീണ രണ്ട് മരങ്ങൾ മുറിച്ചുമാറ്റിയതിന് നൽകിയ തുക. |
| ആകെ | | 47,000 | |

